വിതരണം ചെയ്യുവരുന്നുണ്ട്. തൻമൂലം മൂവായിരം ഏക്കർ തെങ്ങിൻകൃഷി വർദ്ധിപ്പിക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ 234 മാതൃകാകൃഷിത്തോട്ടങ്ങളും തുടങ്ങുന്നതും, മരുന്നുതളി കാര്യക്ഷമമായി നടത്തുന്നതും, തെങ്ങുകൃഷി വികസിപ്പിക്കുന്നതിനു് സഹായകമാണു്. കായൽ നിലങ്ങളും നികത്തി തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റിയും അന്വേഷിച്ചുവരുന്നുണ്ടു്.

(സി) സംസ്ഥാനത്തു ശേഖരിച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കുകളിൽ നിന്നും ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി 48,000 ഏക്കർ സ്ഥലത്തു തെങ്ങുകൃഷി വർദ്ധിപ്പിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : തെങ്ങുകൃഷിക്കാവശ്യമായ വളം വിതരണം ചെയ്യുന്നില്ല എന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ശ്രദ്ധയിൽപ്പെട്ടതായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ശ്രദ്ധിക്കാം.

ശ്രീ. കെ. എം. ജോർജ്ജു് : ഇപ്പോൾ കൃഷി ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ള വിദഗ്ദ്ധൻ ശ്രീമാൻ എസ്സു്. വി. കൃഷ്ണസ്വാമിയുടെ അടുത്തു കൂടുതലായി തെങ്ങുകൃഷി വർദ്ധിപ്പിക്കാൻ ഒരു പദ്ധതി ആവശ്യപ്പെടാൻ ഗവണ്മെൻറിനു് ഭയമുണ്ടോകുമോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ബഹുമാനപ്പെട്ട മെമ്പർ ഈ അഭിപ്രായം ഇങ്ങനെ പറഞ്ഞതു പരിശോധിക്കാം. പക്ഷെ അദ്ദേഹത്തിൻെറ ഉദ്യോഗനിയമനത്തിൻെറ ഉദ്ദേശം തീരെ വിപരീതമായ ഒന്നാണു്. അതുകൊണ്ടു് അദ്ദേഹത്തോടു് തെങ്ങുകൃഷിയെപ്പറ്റിയോ, മറ്റുകൃഷിയേപ്പറ്റിയോ ആലോചിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജു് : അദ്ദേഹം തെങ്ങുകൃഷിയിൽ ഒരു വിദഗ്ദ്ധൻ ആണെന്നാണു് അറിവു്.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : തെങ്ങുകൃഷിയെപ്പറ്റി വിദഗ്ദ്ധനാണെന്നു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അസംബ്ലിയുടെ വേനൽക്കാലസമ്മേളനം.

* 1452. [8] ശ്രീ. എം. ഗോപാലൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രാസു് അസംബ്ലിയുടെ വേനൽക്കാലസമ്മേളനം ഊട്ടിയിൽ വച്ചു നടത്തുവാൻ തീരുമാനിച്ചതുപോലെ ഈ സ്റ്റേറ്റു അസംബ്ലിയുടെ വേനൽക്കാലസമ്മേളനം തലസ്ഥാനനഗരിക്കു് പുറത്തു് ഏതെങ്കിലും പട്ടണത്തിൽ വച്ചു നടത്തണമെന്നു് ബഹുമാനപ്പെട്ട സ്പീക്കരോടു് അപേക്ഷിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെവച്ചു നടത്തുവാനാണു് ഉദ്ദേശിക്കുന്നതു്;

(സി) കേരള അസംബ്ലിയുടെ ഒരു ദിവസത്തെ സമ്മേളനത്തിനു് ശരാശരി എത്ര രൂപ ചെലവു വരുന്നുണ്ടു്?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ)

(എ) ഉദ്ദേശമില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ദിനംപ്രതി 1,371 രൂപാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: ഈ തിരുവനന്തപുരത്തു പ്രത്യേകിച്ചും ഈ തലസ്ഥാനനഗരിയിൽനിന്നും പുറത്തു് ഏതെങ്കിലും പട്ടണത്തിൽ ഈ സംസ്ഥാനത്തിനകത്തുതന്നെ വളരെ ഏറെ സുഖസൗകര്യങ്ങളും നല്ല കാലാവസ്ഥയും മുള്ള ഒരു സ്ഥലത്തേയ്ക്കു് ഇവിടെനിൽക്കാലസമ്മേളനം മാറുന്നതിൽ എന്താണു് ഗവണ്മെൻറിന്റെ അഭിപ്രായം?

ശ്രീ. സി. അച്യുതമേനോൻ: എവിടെ മാറുന്നതിനും സൗകര്യം വേണം. അവിടെ താമസസൗകര്യം വേണം. മറ്റു സൗകര്യങ്ങളും നോക്കേണ്ടതായിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു: ഈ വിഷയത്തെപ്പറ്റി ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായം അറിഞ്ഞിട്ടുണ്ടോ?

മി. സ്പീക്കർ: ആർഡർ, ആർഡർ.

സർവ്വീസു് സംയോജനം.

* 1453. [9] ശ്രീ. എം. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയെ മറുപടി പറയുമോ:

(എ) സർവ്വീസു് സംയോജനം എല്ലാ ഡിപ്പാർട്ടുമെൻറുകളിലും പൂർത്തിയായി കഴിഞ്ഞുവോ;

(ബി) സർവ്വീസു് സംയോജനത്തെ തുടർന്നു് എത്ര അപ്പീലുകൾ ഫയലാക്കപ്പെട്ടിട്ടുണ്ടു്; ഓരോ ഡിപ്പാർട്ടുമെൻറിലുമെത്ര;

(സി) ഫയലാക്കപ്പെട്ട അപ്പീലുകളിൽ ഇതിനകം എത്രയെണ്ണം തീരുമാനിക്കപ്പെട്ടുകഴിഞ്ഞു?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി) 1110. വിശദമായ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ടു് †

(സി) ഇൻഡ്യാഗവണ്മെൻറിൽനിന്നും ഇതേവരെയായി ഒരു അപ്പീൽ തീരുമാനം ലഭിച്ചിട്ടുണ്ടു്. മറ്റുള്ള അപ്പീലുകൾ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

Shri C. Achutha Menon: I think so. The statement has been prepared and I had arranged it to be placed on the table.

Shri M. Narayana Kurup: The Speaker has been repeating always that when a statement is placed on the table the Member should be supplied with a copy. But I have not received a copy.

Shri C. Achutha Menon: Yes. The statement is placed on the table.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ സംയോജനം കഴിയാത്ത ഡിപ്പാർട്ടുമെൻറുകൾ ഏതെല്ലാമാണു്?

ശ്രീ. സി. അച്യുതമേനോൻ: സംയോജനം കഴിയുക എന്നു പറഞ്ഞാൽ, ഇപ്പോഴുള്ള നില എന്താണെന്നുവച്ചാൽ, സംയോജനത്തിന്റെ ഫലമായി 30 ഡിപ്പാർട്ടുമെൻറുകളിൽനിന്നും അപ്പീലുകൾ കിട്ടിയിട്ടുണ്ടു്. അതിന്റെ എണ്ണമാണു് 1,110 എന്നു പറഞ്ഞതു്. അതേപ്പറ്റി പരിശോധിച്ചുവരിക

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly